## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2242 — 04.11.2019 - ൽ മറുപടിക്ക്.


# ഇ-പോസ് സംവിധാനത്തിലൂടെയുള്ള റേഷൻ വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജെയിംസ് മാത്യു**<br>**,, കെ. ബാബു**<br>**,, സി.കെ. ഹരീന്ദ്രൻ**<br>**,, എം. നൗഷാദ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ അർഹതപ്പെട്ട ഗുണഭോക്താക്കളിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഇ-പോസ് മെഷീനുകൾ എപ്രകാരമാണ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ; | **(എ)** ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതുമൂലം സുതാര്യത ഉറപ്പ് വരുത്താൻ സാധിക്കും. കൂടാതെ ഓരോ കാർഡുടമയും വാങ്ങുന്ന റേഷൻ സംബന്ധിച്ച വിവരങ്ങളും, സ്റ്റോക്കിന്റെ ലഭ്യത, സ്റ്റോക്ക് മൂവ്മെന്റ് എന്നിവ തത്സമയം തന്നെ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. |
| **(ബി)** സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് സംവിധാനം മുഖേന റേഷൻ വിതരണം നടത്താൻ സാധിച്ചിട്ടുണ്ടോ; | **(ബി)** ഉണ്ട്. എന്നാൽ കണക്ടിവിറ്റി ലഭ്യമല്ലാത്തതുമൂലം ഏതാനും റേഷൻകടകളിൽ ഇ-പോസ് മെഷീൻ പ്രവർത്തനക്ഷമമല്ല. |
| **(സി)** ഇ-പോസ് സംവിധാനത്തിലൂടെയുള്ള വിതരണത്തിന് ശേഷം മിച്ചം വരുന്ന റേഷൻ സാധനങ്ങൾ അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | **(സി) യും (ഡി) യും** മിച്ചം വരുന്ന റേഷൻ സാധനങ്ങൾ അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും നൽകാൻ വ്യവസ്ഥയില്ല. എന്നാൽ അനാഥാലയങ്ങൾക്കും, അഗതി മന്ദിരങ്ങൾക്കും ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിന് ഒരു പദ്ധതി നിലവിലുണ്ട്. |
| **(ഡി)** ഇപ്രകാരം റേഷൻ സാധനങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ താമസിക്കുന്ന അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും പ്രത്യേക പരിഗണന ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | |

*സെക്ഷൻ ഓഫീസർ*